RCS/206/2025-EM(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ ജംഗ്ഷൻ
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email: keralarcs.coop@kerala.gov.in
Tel: 0471-2330825

തീയതി: 08-01-2025

**സർക്കുലർ നമ്പർ . 02/2025**

വിഷയം : സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ശാരീരിക വൈകല്യമുള്ള വ്യക്തികൾക്ക് 4 % പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നത് - സംബന്ധിച്ച്.

സൂചന : 1. 28/10/2022-ലെ സ ഉ (അച്ചടി) 7/2022/SJD നമ്പർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 14.07.2011-ലെ 54/2011 നമ്പർ സർക്കുലർ.
3. സഹകരണ സംഘം രജിസ്ട്രാറുടെ 28.02.2013- ലെ 11/2013 നമ്പർ സർക്കുലർ.
4. സഹകരണ സംഘം രജിസ്ട്രാറുടെ 24.01.2020-ലെ 8/2020 നമ്പർ സർക്കുലർ.

കേരള സഹകരണ സംഘം (ഭേദഗതി ) നിയമം 2010 അനുസരിച്ച് 1969 ലെ കേരള സഹകരണ സംഘം നിയമത്തിന്റെ 80-ാം വകുപ്പിൽ 28.04.2010 മുതൽ പ്രാബല്യത്തിൽ വന്ന ഉപവകുപ്പ് (5) പ്രകാരം എല്ലാ സഹകരണ സംഘങ്ങളിലും ആകെയുള്ള തസ്തികകളുടെ മൂന്ന് ശതമാനം തസ്തിക, നാൽപ്പത് ശതമാനമോ അതിൽ കൂടുതലോ ശാരീരിക വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യക്തികൾക്കായി നീക്കി വെച്ചിട്ടുള്ളതും, അവരുടെ നിയമന രീതി നിയമപരമായി നിർദ്ദേശിക്കുന്നത് അനുസരിച്ചായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാകുന്നു. എന്നാൽ ആയതനുസരിച്ച് അംഗീകൃത സ്ഥിരം തസ്തികയിലെ ജീവനക്കാരുടെ എണ്ണം പത്തിൽ കൂടുതലും മുപ്പത്തിമൂന്നിൽ കുറവും ഉള്ള സഹകരണ സംഘങ്ങളിൽ കുറഞ്ഞത് ഒരു തസ്തിക ഇപ്രകാരം ശാരീരിക വൈകല്യമുള്ള ഉദ്യോഗാർത്ഥികൾക്കായി നീക്കിവെക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണം നൂറോ അതിൽ കൂടുതലോ ആണെങ്കിൽ 100 വീതമെടുത്ത് 33,66,99 എന്നീ ക്രമ നമ്പരുകളിൽ വൈകല്യമുള്ള വ്യക്തികൾക്ക് നിയമനം നൽകിക്കൊണ്ട് മൂന്ന് ശതമാനം സംവരണം പാലിക്കേണ്ടതാണ് എന്ന് വ്യക്തമാക്കി സഹകരണസംഘം രജിസ്ട്രാർ സൂചന(2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

1, കാഴ്ച വൈകല്യമുള്ളവർ 2. ശ്രവണ വൈകല്യമുള്ളവർ 3. ചലന വൈകല്യമുള്ളവർ/സെറിബ്രൽ പാൾസി എന്ന മുൻഗണനാ ക്രമത്തിൽ 1 : 1 : 1 എന്ന അനുപാതത്തിൽ അവരവർക്ക് അനുയോജ്യമായ തസ്തികകളിൽ മൂന്ന് ശതമാനം സംവരണം പാലിച്ച് നിയമനം നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിരുന്നു.

സാമൂഹ്യനീതി വകുപ്പിന്റെ 28-10-2022 ലെ സ.ഉ(അച്ചടി)നം.7/2022/SJD നമ്പർ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിയ 654 തസ്തികകൾക്ക് 4% ഭിന്നശേഷി സംവരണം അനുവദിച്ച് സൂചന(1) പ്രകാരം എല്ലാ വകുപ്പുകളിലെയും ഭിന്നശേഷി വിഭാഗങ്ങൾക്കുള്ള സംവരണം സംബന്ധിച്ച് പൊതുവായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ Persons with Disabilities (Equal opportunities and Full Participation) Act 1995 റദ്ദ് ചെയ്തുകൊണ്ട് നിലവിൽ വന്ന Rights of persons with Disabilities Act 2016 ന്റെ സെക്ഷൻ 34 പ്രകാരം ഭിന്നശേഷി സംവരണം 3% ത്തിൽ നിന്നും 4% ആയി ഉയർത്തുകയും ആയത് താഴെ പറയുന്ന ഭിന്നശേഷി വിഭാഗങ്ങൾക്കായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

a) Blindness and Low vision

b) Deaf and hard of hearing

c) Locomotor disability including

Cerebral Palsy, Leprosy Cured,

Dwarfism, Acid Attack Victims,Muscular Distrophy

d) Autism, Intellectual Disability

e) Multiple Disabilities from amongst persons under clause (a) to (d).

സമഗ്ര നിയമ പരിഷ്കരണത്തിലൂടെ കേരളാ സഹകരണ നിയമം വകുപ്പ്80(5) ൽ 07-06-2024 ൽ വരുത്തിയ ഭേദഗതി പ്രകാരം എല്ലാ സഹകരണ സംഘങ്ങളിലും ആകെയുള്ള തസ്തികകളുടെ നാല് ശതമാനം തസ്തിക, നാൽപ്പത് ശതമാനമോ അതിൽ കൂടുതലോ ശാരീരിക വൈകല്യമുണ്ടെന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യക്തികൾക്കായി നീക്കിവയ്ക്കേണ്ടതാണെന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്.

ടി സാഹചര്യത്തിൽ സഹകരണസംഘങ്ങളിലെ നിയമനങ്ങളിൽ 4% സംവരണം ഉറപ്പുവരുത്തുന്നതിന് വ്യത്യസ്ത വിഭാഗം വൈകല്യമുള്ള വ്യക്തികൾക്ക് അനുയോജ്യമായ തസ്തികകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | Blindness and Low vision | Peon, Attender, Clerk,Typist/Data Entry Operator |
| 2 | Deaf and hard of hearing | Peon, Attender, Clerk,Typist/Data Entry Operator |

| | | |
|---|---|---|
| | | |
| 3 | Locomotor disability including Cerebral Palsy, Leprosy Cured, Dwarfism, Acid Attack Victims,Muscular Distrophy | Peon, Attender, Clerk,Typist/Data Entry Operator |
| 4 | Autism, Learning Disability, Intellectual Disability & Multiple Disabilities from amongst persons under clause (1) to (4) | Peon, Attender |

മേൽ പരാമർശിച്ച പ്രകാരം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ 1. കാഴ്ച വൈകല്യമുള്ളവര് 2. ശ്രവണ വൈകല്യമുള്ളവർ 3. ചലന വൈകല്യമുള്ളവർ (സെറിബ്രൽ പാൾസി, Dwarfism, Acid Attack Victims, Muscular Distrophy, കുഷ്ഠ രോഗം ഭേദമായവർ) 4. Autism, Intellectual Disability, Learning Disability, Multiple Disabilities എന്ന മുൻഗണനാ ക്രമത്തിൽ 1 : 1 : 1 : 1 എന്ന അനുപാതത്തിൽ അവരവർക്ക് അനുയോജ്യമായ തസ്തികകളിൽ 4 % സംവരണം പാലിച്ച് നിയമനം നൽകേണ്ടതാണ്.

സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ എണ്ണം നൂറോ അതിൽ കൂടുതലോ ആണെങ്കിൽ 100 വീതമെടുത്ത് 6, 31, 56, 81 എന്നീ ക്രമ നമ്പരുകളിൽ വൈകല്യമുള്ള വ്യക്തികൾക്ക് നിയമനം നൽകിക്കൊണ്ട് നാല് ശതമാനം സംവരണം പാലിക്കേണ്ടതാണ്.

മേൽ പറഞ്ഞ നിബന്ധനകൾ എല്ലാ സംഘങ്ങളും കൃത്യമായി പാലിക്കുന്നുണ്ടെന്ന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരും ഉറപ്പ് വരുത്തേണ്ടതാണ്.

ഒപ്പ്/-

Dr. D SAJITH BABU IAS

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
5. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും, എല്ലാ അർബൻ

ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)

6. എഡിറ്റർ, സഹകരണ വീഥി.

7. വെബ് സൈറ്റ്.

8. സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

Signed by Bindu S
Date: 09-01-2025 11:08:50

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ എം)